ഭരണഭാഷ — മാതൃഭാഷ

**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം**

dtekerala@gmail.com
0471 2561307

**നടപടിക്രമം**

സാങ്കേതിക വിദ്യാഭ്യാസം - ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം - സർക്കാർ പോളിടെക്നിക് കോളേജുകളിലെ മെക്കാനിക്കൽ എഞ്ചിനീയറിംഗ് ബ്രാഞ്ചിലേക്ക് ലക്ചറർ തസ്തികകൾ പുനർ വിന്യാസം - OA No. 1672/2025 -ൽ ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ പുറപ്പെടുവിച്ച ഉത്തരവിന്റെ ആനുകൂല്യ അനുവദിച്ചുകൊണ്ട് മെക്കാനിക്കൽ എഞ്ചിനീയറിംഗ് വിഭാഗം ലക്ച്ചറർ ശ്രീ. ജയചന്ദ്രൻ എസ്. എസ് - ന് സ്ഥലം മാറ്റം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ജീവനക്കാര്യം (സി) വിഭാഗം**

**നം. DTETVM/8226/2025-EC2 (EC)** **തിരുവനന്തപുരം, തീയതി: 24-07-2026**

---

വായന:-

1. 09.09.2025 ലെ സ.ഉ(സാധാ) നം.650/2025-HEDN നമ്പർ സർക്കാർ ഉത്തരവ്.
2. ഈ കാര്യാലയത്തിൽ നിന്നുള്ള ഇതേ നമ്പർ ഉത്തരവ് തീയതി: 25.09.2025.
3. ഉന്നത വിദ്യാഭ്യാസ വകുപ്പിൽ നിന്നുള്ള കത്ത് നമ്പർ. എൽ3/273/2025/ഉ വി വ, തീയതി: 18.06.2026.
4. സ.ഉ.(സാധാ) 564/2026/HEDN തീയതി: 18-05-2026.

**ഉത്തരവ്**

വായന (1) ലെ സർക്കാർ ഉത്തരവ് പ്രകാരം, സാങ്കേതിക വിദ്യാഭ്യാസ വകുപ്പിലെ നെയ്യാറ്റിൻകര സർക്കാർ പോളിടെക്നിക് കോളേജിലെ മെക്കാനിക്കൽ വിഭാഗം ലക്ചറർ തസ്തിക പുറപ്പുഴ സർക്കാർ പോളിടെക്നിക്കിലേക്ക് പുനർ വിന്യസിച്ചതിനെത്തുടർന്ന് വായന (2) പ്രകാരം ശ്രീ. ജയചന്ദ്രൻ എസ്.എസ്. (PEN: 336429)- നെ സർക്കാർ പോളിടെക്നിക് കോളേജ്, പുറപ്പുഴയിലെ പുനർ വിന്യസിക്കപ്പെട്ട ഒഴിവിലേക്ക് നിർബന്ധിത സ്ഥലം മാറ്റം നൽകി നിയമിച്ച് ഉത്തരവായിരുന്നു.

സമാന സാഹചര്യത്തിൽ സ്ഥലം മാറ്റത്തിന് വിധേയനായിരുന്ന ശ്രീ. നിഷാദ് എ. സമർപ്പിച്ച OA No.1672/2025-ൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ പുറപ്പെടുവിച്ച അന്തിമ വിധി പാലിച്ച് വായന 4 പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. അതിൻ പ്രകാരം സ്ഥലംമാറ്റ മാനദണ്ഡങ്ങൾ നിർണ്ണയിച്ചിട്ടുള്ള 25/02/2017 ലെ സ.ഉ. (അച്ചടി) നം. 3/2017/ ഉ.വി.വ. ഖണ്ഡിക (6) പ്രകാരമുള്ള നിർബന്ധിത സ്ഥലംമാറ്റം സംബന്ധിച്ച വ്യവസ്ഥകൾ പ്രകാരം, ഒരു ജില്ലയിലെ ഏറ്റവും ജൂനിയറായ ജീവനക്കാരനെയാണ് നിർബന്ധിത സ്ഥലംമാറ്റത്തിനായി പരിഗണിക്കേണ്ടത് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഈ ആനുകൂല്യം ശ്രീ. ജയചന്ദ്രൻ എസ്.എസ്. -ന് അനുവദിക്കുന്നതിന് മേൽനടപടി സ്വീകരിക്കണമെന്ന് വായന (3) ലെ കത്തിൽ നിർദ്ദേശിച്ചിട്ടുണ്ട്.

അതിൻ പ്രകാരം മെക്കാനിക്കൽ എഞ്ചിനീയറിംഗ് വിഭാഗം ലക്ച്ചറർ തസ്തികയിലെ സംയുക്ത സീനിയോറിറ്റി ലിസ്റ്റ് പരിശോധിച്ചപ്പോൾ ആറ്റിങ്ങൽ സർക്കാർ പോളിടെക്നിക്കിലെ മെക്കാനിക്കൽ

എഞ്ചിനീയറിംഗ് വിഭാഗം ലക്ചറർ ശ്രീ. വിനോദ് എം. എസ്. (PEN: 911127) ആണ് ജില്ലയിലെ ഏറ്റവും ജൂനിയർ എന്ന് കാണുന്നു.

മേൽ സാഹചര്യത്തിൽ വായന (1) ഉത്തരവ് പ്രകാരം പുറപ്പഴ പോളിടെക്നിക്കിലേക്ക് പുനർ വിന്യസിച്ച തസ്തികയിലേക്ക് ചുവടെപ്പറയുന്ന പ്രകാരം സ്ഥലംമാറ്റം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| Sl. No. | പേര്, തസ്തിക, നിലവിൽ ജോലി ചെയ്യുന്ന സ്ഥാപനം | നിയമനം നൽകുന്ന സ്ഥാപനം |
|---|---|---|
| 1. | **ശ്രീ. വിനോദ് എം. എസ്.**, ലക്ച്ചറർ,<br>സർക്കാർ പോളിടെക്നിക് കോളേജ്, ആറ്റിങ്ങൽ<br>PEN: 911127 | സർക്കാർ പോളിടെക്നിക് കോളേജ്, പുറപ്പഴ<br>*(തസ്തിക പുനർവിന്യാസിക്കപ്പെട്ട ഒഴിവ്)* |
| 2. | **ശ്രീ. ജയചന്ദ്രൻ എസ്.എസ്.**, ലക്ച്ചറർ,<br>സർക്കാർ പോളിടെക്നിക് കോളേജ്, പുറപ്പഴ<br>PEN: 785018 | സർക്കാർ പോളിടെക്നിക് കോളേജ്, ആറ്റിങ്ങൽ<br>*(ശ്രീ. വിനോദ് എം. എസ്. സ്ഥലം മാറുന്ന ഒഴിവ്)* |

മേൽ വായന (2) ഉത്തരവ് ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

ബന്ധപ്പെട്ട ജീവനക്കാർക്ക് ചട്ടപ്രകാരം അനുവദനീയമായ ചേരുംകാലത്തിനും യാത്രാപ്പടിക്കും അർഹതയുണ്ടായിരിക്കുന്നതും, ഈ നിയമനം 2026 പൊതുസ്ഥലമാറ്റത്തിന് വിധേയമായിരിക്കുന്നതുമാണ്. ബന്ധപ്പെട്ട സ്ഥാപന മേധാവികൾ ജീവനക്കാരെ ഉടൻ വിടുതൽ ചെയ്യേണ്ടതും വിടുതൽ/പ്രവേശന കാലം യഥാസമയം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതുമാണ്.

24/02/2026

ANI ABRAHAM

SENIOR JOINT DIRECTOR (PS)

ANI ABRAHAM
Senior Joint Director (PS)
Directorate of Technical Education
Thiruvananthapuram - 695023

സ്വീകർത്താവ്,

1. ഈ വകുപ്പിന് കീഴിലുള്ള ബന്ധപ്പെട്ട സ്ഥാപന മേധാവികൾക്കും, ജീവനക്കാർക്കും (www.dtekerala.gov.in എന്ന വെബ്സൈറ്റ് മുഖാന്തിരം).
2. അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം
3. ഇ-ഓഫീസ് സ്റ്റോക്ക് ഫയൽ.